നം. D2-13516/18

**<u>വിവരാവകാശം / മറുപടി</u>**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 01.11.2018.
Email - swdkerala@gmail.com
Phone : 0471 - 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. പി.എസ്. ജോസഫ്,
ജനറൽ സെക്രട്ടറി,
വികലാംഗ അസോസിയേഷൻ ഓഫ് ഇൻഡ്യ,
വേലൂർ - 680 601.

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഡയറക്ടറേറ്റ് - വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നം. 374/D2/18/SJD, തീയതി. 05.10.2018.

ഭിന്നശേഷി ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് താങ്കൾ സർക്കാരിന് സമർപ്പിച്ച അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിനു മറുപടി നൽകുന്നതിനായി, സൂചന പ്രകാരം ലഭ്യമായിട്ടുണ്ട്. ആയതിൽ ഒന്നാമത്തെ ചോദ്യത്തിനായുള്ള മറുപടി ചുവടെ ചേർക്കുന്നു.

ധനകാര്യ കമ്മീഷന്റെ പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം, (GO(P) 7/2016/Fin, തീയതി. 20.01.2016) ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്ക്, സാധാരണ ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് പുറമേ 1000/- രൂപ സ്പെഷ്യൽ അലവൻസ് അനുവദനീയമാണ്. കേരള സർവ്വീസ് റൂൾ അനുസരിച്ച് ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് കൃത്രിമ അവയവങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട ചികിത്സക്കുമായി പരമാവധി 15 ദിവസത്തെ പ്രത്യേക കാഷ്വൽ അവധി അനുവദിക്കാവുന്നതാണ്. അത്യാവശ്യമാകുന്ന പക്ഷം ഒരു പ്രാവശ്യത്തിലധികം ഈ അവധി അനുവദനീയമാണ്. കൂടാതെ, സ്പെഷ്യൽ അലവൻസിന് അർഹരായ ഈ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ആശുപത്രിയിലോ സ്വന്തം വാസസ്ഥലത്തോ വച്ച് വൈകല്യവുമായി ബന്ധപ്പെട്ട ചികിത്സക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു കലണ്ടർ വർഷത്തിൽ പരമാവധി 15 ദിവസം വരെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കാം. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 25.02.2017-ലെ സർക്കാർ ഉത്തരവ് (പി) നം. 3/2017/ഉ.ഭ.പ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള

സർക്കാർ ജീവനക്കാരുടെ പൊതു മാനദണ്ഡത്തിൽ പ്രത്യേക മുൻഗണന നൽകേണ്ട പ്രഥമ ഗണനീയരോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗത്തിൽ ഭിന്നശേഷിക്കാരായ ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. KSR പ്രകാരം 40% വൈകല്യമുള്ള അംഗപരിമിതരായ ജീവനക്കാർക്ക് 3 വർഷത്തെ യോഗ്യ സേവനകാലം പൂർത്തിയാക്കിയാൽ മിനിമം പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താൽക്കാലിക ജോലി ചെയ്ത് സൂപ്പർ ന്യൂമററി തസ്തികകളിൽ സ്ഥിര നിയമനം ലഭിച്ച ഭിന്നശേഷിക്കാരായ ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ സ.ഉ(പി) നം. 1/2016/സാ.നീ.വ., തീയതി. 03.02.2016 പ്രകാരമായിരിക്കുന്നതാണ്.

മറുപടി തൃപ്തികരമല്ലാത്ത പക്ഷം, താങ്കൾക്ക് ടി കത്ത് ലഭിച്ച് 30 ദിവസത്തിനുള്ളിൽ അപ്പലേറ്റ് അതോറിറ്റിയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ്പീൽ അധികാരിയുടെ മേൽ വിലാസം ചുവടെ ചേർക്കുന്നു.

അഡീഷണൽ ഡയറക്ടർ,
(അപ്പലേറ്റ് അതോറിറ്റി)
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
5th ഫ്ലോർ, വികാസ് ഭവൻ,
തിരുവനന്തപുരം.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം

AN